# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

(Under the Holy Apostolic See of Antioch and All the East) Reg. No. ER/308/07

Circular to All Sunday Schools
and Co-workers
Website : www.mjssa.in
Email : mjssahq@gmail.com

MJSSA HEAD QUARTERS & CAMPSITE,
Puthencruz P.O., Ernakulam District,
Kerala state, Pin - 682 308,
Phone : 0484 - 2730150, 80781 57150 (Whatsapp)
General Secretary : 9446138868


Circular No.: M/C/06/2026

20.05.2026

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

സൺഡേസ്കൂളിലെ വിദ്യാർത്ഥികളുടെ ആദ്ധ്യാത്മീകവളർച്ചയ്ക്കാവശ്യമായ വേദപുസ്തക മർമ്മങ്ങൾ, സഭാചരിത്രം, സത്യവിശ്വാസം, പാരമ്പര്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ പഠിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികളുടെ നൈസർഗ്ഗീകമായ കലാവാസനകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധതലങ്ങളിൽ കലാമത്സരങ്ങൾ നടത്തിവരുന്നു. 2026 വർഷത്തെ കലോത്സവം, അസ്സോസിയേഷന്റെ നിബന്ധനകളും നിർദ്ദേശങ്ങളും കൃത്യമായി പാലിച്ച് ഭംഗിയായും ചിട്ടയായും നടത്തുവാൻ ശ്രദ്ധിക്കണം.

## എം. ജെ. എസ്. എസ്. എ. കലോത്സവം 2026

### കലോത്സവമത്സരങ്ങൾ വിവിധ തലങ്ങളിൽ

| | |
|---|---|
| 1) സൺഡേസ്കൂൾതലം | 2026 ജൂലൈ 31-ന് മുമ്പ് ഹെഡ്മാസ്റ്ററുടെ ചുമതലയിൽ |
| 2) ഡിസ്ട്രിക്റ്റ്തലം | 2026 ആഗസ്റ്റ് 31-ന് മുമ്പ് ഇൻസ്പെക്ടറുടെ ചുമതലയിൽ |
| 3) സോൺ/ഭദ്രാസനതലം | 2026 സെപ്റ്റംബർ 30-ന് മുമ്പ് ഡയറക്ടറുടെ ചുമതലയിൽ |
| 4) അഖില മലങ്കരതലം | 2026 ഒക്ടോബർ 10 ശനിയാഴ്ച്ച കേന്ദ്ര ആസ്ഥാനത്ത് വച്ച്<br>*(10.10.2026 രാവിലെ 9.30ന് മത്സരങ്ങൾ ആരംഭിക്കുന്നതാണ്.)* |

### മത്സരവിഷയങ്ങളും വിഭാഗങ്ങളും

| | | |
|---|---|---|
| എ) | സബ്ജൂനിയേഴ്സ് (Sub Juniors) – 8 വയസ് വരെ *(2018 ജനുവരി 1-നോ അതിനു ശേഷമോ ജനിച്ചവർ)* | |
| | 1. **പ്രസംഗം** വിഷയം : **"ബാലനായ ദാവീദ്"** | 3 മിനിറ്റ് |
| | 2. **സംഗീതം** - മലയാളം | 3 മിനിറ്റ് |
| | 3. **ആരാധനാഗീതം** - മലയാളം | 3 മിനിറ്റ് |
| ബി) | ജൂനിയേഴ്സ് (Juniors) – 9 മുതൽ 12 വയസ്വരെ *(2014 ജനുവരി 1-നോ അതിനു ശേഷമോ ജനിച്ചവർ)* | |
| | 1. **പ്രസംഗം** വിഷയം : ***"നല്ലതിനെ മുറുകെ പിടിക്കണം."*** *(1 തെസ്സ. 5:21)* | 4 മിനിറ്റ് |
| | 2. **സംഗീതം** - മലയാളം | 3 മിനിറ്റ് |
| | 3. **സംഗീതം** - കന്നഡ (കർണ്ണാടകത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു മാത്രം.) | 3 മിനിറ്റ് |
| | 4. **ആരാധനാഗീതം** - സുറിയാനി | 3 മിനിറ്റ് |
| | 5. **ആരാധനാഗീതം** - മലയാളം | 3 മിനിറ്റ് |
| | 6. **ആരാധനാഗീതം** - കന്നഡ (കർണ്ണാടകത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു മാത്രം.) | 3 മിനിറ്റ് |
| | 7. **തങ്കവാക്യം** - മലയാളം / ഇംഗ്ലീഷ് | 30 മിനിറ്റ് |
| | 8. **ബൈബിൾ ടെസ്റ്റ്** (വേദവാക്യം) | |
| സി) | സീനിയേഴ്സ്(Seniors) – 13 മുതൽ 17 വയസ് വരെ (2009 ജനുവരി 1 നോ അതിനു ശേഷമോ ജനിച്ചവർ) | |
| | 1. **പ്രസംഗം** വിഷയം : **ഫലങ്ങൾകൊണ്ടാണ് വൃക്ഷങ്ങൾ അറിയപ്പെടുന്നത്.** (വി. മത്തായി 12:33) | 5 മിനിറ്റ് |
| | 2. **സംഗീതം** - മലയാളം | 3 മിനിറ്റ് |
| | 3. **സംഗീതം** - കന്നഡ (കർണ്ണാടകത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു മാത്രം.) | 3 മിനിറ്റ് |
| | 4. **ആരാധനാഗീതം** - സുറിയാനി | 3 മിനിറ്റ് |
| | 5. **ആരാധനാഗീതം** - മലയാളം | 3 മിനിറ്റ് |
| | 6. **ആരാധനാഗീതം** - കന്നഡ (കർണ്ണാടകത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കു മാത്രം.) | 3 മിനിറ്റ് |
| | 7. **തങ്കവാക്യം** - മലയാളം / ഇംഗ്ലീഷ് | 30 മിനിറ്റ് |
| | 8. **ക്വിസ്സ്** (2 പേർ അടങ്ങുന്ന ടീം) | |
| | 9. **ബൈബിൾ ടെസ്റ്റ്** (വേദവാക്യം) | |
| ഡി) | പ്ലസ് വൺ, പ്ലസ് ടു (സൂപ്പർ സീനിയേഴ്സ്) | |
| | 1. **പ്രസംഗം** വിഷയം : ***"ലോകസമാധാനം ക്രൈസ്തവ വീക്ഷണത്തിൽ "*** | 5 മിനിറ്റ് |
| | 2. **സംഗീതം** മലയാളം | 3 മിനിറ്റ് |
| | 3. **ക്വിസ്സ്** (2 പേർ അടങ്ങുന്ന ടീം) | |
| ഇ) | അദ്ധ്യാപകർ (Teachers) | |
| | 1. **ക്വിസ്സ്** (2 പേർ അടങ്ങുന്ന ടീം) | |

## മത്സരങ്ങൾ സംബന്ധിച്ച് നിബന്ധനകൾ

1. MJSSA സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എല്ലാ തലങ്ങളിലും മത്സരങ്ങൾ നടത്തേണ്ടതാണ്.
2. MJSSA മാന്വൽ, ജനറൽ സെക്രട്ടറിയുടെ 6/2026 നമ്പർ സർക്കുലർ, 2026 കലോത്സവത്തെ സംബന്ധിച്ച ജനറൽ സെക്രട്ടറിയുടെ അറിയിപ്പ് എന്നിവ അനുസരിച്ചു നടത്തുന്ന മത്സര ഇനങ്ങൾക്കു മാത്രമെ സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, സോൺ/ഭദ്രാസനതലങ്ങളിൽ പോയിന്റ്, ഗ്രേഡ് എന്നിവ പരിഗണിക്കുകയുള്ളൂ.
3. വിദ്യാർത്ഥികളുടെ വയസ്സ് മാനദണ്ഡമാക്കിയാണ് സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളെ തിരിച്ചിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. മത്സരാർത്ഥികളുടെ ജനനതീയതി കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. സൂപ്പർ സീനിയർ വിഭാഗത്തിൽ, JSSLC യുടെ തുടർച്ചയായി പ്ലസ് 1 ലും, പ്ലസ് 1 ന്റെ തുടർച്ചയായി പ്ലസ് 2 വിലും ചേർന്ന് പഠിക്കുന്നവർക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. പ്ലസ് 1, പ്ലസ് 2 കുട്ടികൾ സീനിയർ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല.
5. ഡിസ്ട്രിക്ട്, സോൺ, ഭദ്രാസന, കേന്ദ്രമത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളോടൊപ്പം ചുമതലപ്പെട്ട അധ്യാപകർ (Escorting Teacher's) ഉണ്ടായിരിക്കേണ്ടതാണ്.
6. സംഗീതം. പ്രസംഗം, ആരാധനാഗീതം എന്നിവ പ്രത്യേകം വേദികളിലായി നടത്തേണ്ടതാണ്.
7. ഓരോ തലങ്ങളിലും മത്സരങ്ങൾ നടന്നുകഴിഞ്ഞാൽ ഉടൻ തന്നെ ലിസ്റ്റ് മേൽഘടകത്തിലേക്ക് അയക്കേണ്ടതാണ്. സമയബന്ധിതമായി ലിസ്റ്റ് ബന്ധപ്പെട്ടവർക്ക് ലഭിക്കാതെ വന്നാൽ ആ സൺഡേസ്കൂളിലെ/ഡിസ്ട്രിക്റ്റിലെ/സോണിലെ/ഭദ്രാസനത്തിലെ കുട്ടികൾക്ക് മേൽതലങ്ങളിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുവാൻ കഴിയുന്നതല്ല.
8. MJSSA കലോത്സവത്തിൽ സോൺ/ഭദ്രാസനതലത്തിലുള്ള മത്സരങ്ങളിൽ, ഡിസ്ട്രിക്റ്റിൽ നിന്നും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന **കുട്ടികൾക്ക് / ടീമുകൾക്ക്** പങ്കെടുക്കാവുന്നതാണ്. സോൺ/ഭദ്രാസനതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന **കുട്ടിക്ക്/ഒരു ടീമിന്** മാത്രമേ അഖില മലങ്കര കലോത്സവത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
9. MJSSA കലോത്സവങ്ങളിൽ മത്സരഫലവുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ ഫലം പ്രസിദ്ധീകരിച്ച് അരമണിക്കൂറിനുള്ളിൽ ചുമതലയുള്ള ഭാരവാഹികൾ രേഖാമൂലമുള്ള പരാതികൾ ജൂറി ഓഫ് അപ്പീലിന് നൽകേണ്ടതാണ്.
10. ഓരോ മത്സര ഇനങ്ങളും പൂർത്തിയായി അരമണിക്കൂറിനുള്ളിൽ വിധികർത്താക്കളുടെ വിധിനിർണ്ണയ ഷീറ്റ് ടാബുലേഷൻ ഡസ്കിലേക്ക് എത്തിക്കേണ്ടതാണ്.
11. മത്സരഇനങ്ങൾ പൂർത്തീകരിച്ച്, സമാപന സമ്മേളനം തുടങ്ങുന്നതിന് 30 മിനിറ്റ് മുമ്പ് എല്ലാ മത്സര ഇനങ്ങളുടെയും റിസൾട്ടുകളും പ്രസിദ്ധീകരിക്കേണ്ടതാണ്.

## കലാപ്രതിഭ/ കലാതിലകം

MJSSA കലോത്സവത്തിൽ ഓരോ വിഭാഗത്തിലും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന കുട്ടികളെ കലാപ്രതിഭ/കലാതിലകമായി തിരഞ്ഞെടുക്കേണ്ടതാണ്. ആയതിന്, ഏതെങ്കിലും ഒരു വ്യക്തിഗത ഇനത്തിന് **ഒരു 'ഒന്നാം സ്ഥാനവും' ഒരു 'എ' ഗ്രേഡും** ആ വിദ്യാർത്ഥി നേടിയിരിക്കണം. തുല്യപോയിന്റ് വന്നാൽ ഗ്രൂപ്പ് ഐറ്റത്തിന്റെ പോയിന്റ് കൂടി കണക്കാക്കുന്നതാണ്. ഈ രണ്ട് രീതിയിലും കണ്ടെത്തുന്നതിന് സാധിക്കാതെവന്നാൽ വിധികർത്താക്കൾ നൽകിയ മാർക്ക് കൂടി പരിഗണിച്ചുവേണം കലാപ്രതിഭ/കലാതിലകം തെരഞ്ഞെടുക്കേണ്ടത്.

## കലോത്സവം – ബെസ്റ്റ് സൺഡേസ്കൂൾ, ഡിസ്ട്രിക്റ്റ്, സോൺ/ഭദ്രാസനം

ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സൺഡേസ്കൂളിനെ, ഡിസ്ട്രിക്റ്റിനെ, സോണിനെ/ഭദ്രാസനത്തിനെ തിരഞ്ഞെടുക്കുമ്പോൾ ഏതെങ്കിലും ഒരു മത്സരയിനത്തിൽ '**എ' ഗ്രേഡും** ഒരു ഒന്നാം സ്ഥാനവും നിർബന്ധമായും ഉണ്ടായിരിക്കണം.

## തങ്കവാക്യമത്സരം

നിലവിൽ ഉപയോഗിക്കുന്ന തങ്കവാക്യപുസ്തകത്തിലെ തെറ്റുകൾ തിരുത്തി, ആവർത്തിച്ചുവന്നിട്ടുള്ള വാക്യങ്ങൾ അതാത് സ്ഥലത്ത് ഒഴിവാക്കി പുതിയത് ഉൾപ്പെടുത്തി, മലയാളവാക്യങ്ങളുടെ അതേ ഇംഗ്ലീഷ് വാക്യങ്ങൾ ഉൾപ്പെടുത്തി 2026-ൽ പുനഃപ്രസിദ്ധീകരിച്ച **വി. ഗ്രന്ഥത്തിൽനിന്നും തിരഞ്ഞെടുത്ത തങ്കവാക്യങ്ങൾ** എന്ന പുസ്തകമാണ് ഉപയോഗിക്കേണ്ടത്. കേരളത്തിനു പുറത്തുള്ള ഭദ്രാസനങ്ങളും അസ്സോസിയേഷൻതലമത്സരങ്ങളിൽ പങ്കെടുക്കുന്നതുകൊണ്ട് **കേന്ദ്രതലത്തിൽ മാത്രം** മലയാളത്തിലും ഇംഗ്ലീഷിലും ചോദ്യപേപ്പർ ഉണ്ടായിരിക്കുന്നതും, മത്സരാർത്ഥിക്ക് ഇഷ്ടമുള്ള ഭാഷയിലെ ചോദ്യപേപ്പറുകൾ തെരഞ്ഞെടുത്ത് ഉത്തരം എഴുതാവുന്നതാണ്. (മലയാളം-ഇംഗ്ലീഷ് എന്നീ വ്യത്യാസം നോക്കാതെ) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്കായിരിക്കും സമ്മാനങ്ങൾ.

**ചോദ്യപേപ്പർ തയ്യാറാക്കുന്ന വിധം** (സമയം : **30 മിനിറ്റ്** മാർക്ക് : **100**)

| | | |
|---|---|---|
| 1. പൂരിപ്പിക്കുക | *(പൂരിപ്പിക്കേണ്ട വാക്കുകൾ മാത്രം എഴുതിയാൽ മതി. സീനിയേഴ്സിന് ഒന്നിൽ കൂടുതൽ വാക്കുകൾ പൂരിപ്പിക്കുവാൻ ആവശ്യപ്പെടാം.)* | **20 എണ്ണം** |
| 2. വാക്യം എഴുതുക | ജൂനിയർ - പുസ്തകം ഭാഗം 1 ലെ 01 മുതൽ 75 വരെ വാക്യങ്ങളിൽ നിന്നുമാത്രം,<br>സീനിയർ - പുസ്തകം ഭാഗം 2 ലെ 01 മുതൽ 150 വരെ വാക്യങ്ങളിൽനിന്നുമാത്രം.) | **10 എണ്ണം** |
| 3. പുസ്തകം, അധ്യായം, വാക്യം എന്നിവയെഴുതുക | ജൂനിയർ - പുസ്തകം ഭാഗം 1 ലെ 01 മുതൽ 250 വരെ വാക്യങ്ങൾ<br>സീനിയർ - പുസ്തകം ഭാഗം 2 ലെ 01 മുതൽ 350 വരെ വാക്യങ്ങൾ | **20 എണ്ണം** |

***NB : പൂർണ്ണമായും ശരിയായ ഉത്തരങ്ങൾക്ക് മാത്രമേ മാർക്ക് നൽകുകയുള്ളൂ. ഓരോ ചോദ്യത്തിനും 2 മാർക്ക് വീതം ഉണ്ടായിരിക്കും. എം. ജെ. എസ്. എസ്. എ. പ്രസിദ്ധീകരിച്ച തങ്കവാക്യപുസ്തകത്തിൽ ഉള്ള രീതിയിൽ തന്നെ ചില്ലക്ഷരങ്ങൾ, കുത്ത്, കോമ എന്നിവ കൃത്യമായി പരിശോധിച്ച് മാത്രം മാർക്ക് നൽകേണ്ടതാണ്.)***

## ബൈബിൾ ടെസ്റ്റ്

ബൈബിൾ ടെസ്റ്റ് മത്സരത്തിൽ 8-ൽ അധികം മത്സരാർത്ഥികൾ ഉണ്ടെങ്കിൽ 2 ഗ്രൂപ്പുകളായും, 16-ൽ അധികമുണ്ടെങ്കിൽ 3 ഗ്രൂപ്പുകളായും തിരിച്ച്, 15 വാക്യങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക റൗണ്ട് മത്സരങ്ങൾ നടത്തേണ്ടതും, അതിൽനിന്നും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്ന മുഴുവൻ മത്സരാർത്ഥികളെയും ഉൾപ്പെടുത്തി ഫൈനൽ റൗണ്ട് മത്സരം നടത്തേണ്ടതുമാണ്. ഫൈനൽ റൗണ്ടിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് 45 മാർക്ക് ഗ്രേസ് മാർക്കായി ഉണ്ടായിരിക്കുന്നതാണ്. ഫൈനൽ റൗണ്ടിൽ 20 ചോദ്യങ്ങൾ (വാക്യങ്ങൾ) ഉൾപ്പെടുത്തേണ്ടതാണ്. പ്രാഥമിക റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല.

ബൈബിൾ ടെസ്റ്റ് മത്സരത്തിൽ എട്ടോ അതിൽ താഴെയോ കുട്ടികൾ മാത്രം പങ്കെടുക്കുന്നതെങ്കിൽ ഓരോ വിദ്യാർത്ഥിയ്ക്കും **45** മാർക്ക് ഗ്രേസ് മാർക്കായും, വായിക്കുന്ന ഓരോ വാക്യത്തിന് **5** മാർക്ക് വീതവും നൽകണം. 20 ചോദ്യങ്ങൾ (വാക്യങ്ങൾ) ചോദിച്ചിരിക്കണം.

## ഫൈനൽ റൗണ്ടിൽ മാർക്ക് നൽകേണ്ട വിധം

| | | |
|---|---|---|
| ശരിയായി **1** വാക്യം വായിച്ചാൽ | **1** X 5 Mark = 5 + 45 (Grace mark) = 50 | സി ഗ്രേഡ് |
| ശരിയായി **3** വാക്യം വായിച്ചാൽ | **3** X 5 Mark = 15 + 45 (Grace mark) = 60 | ബി ഗ്രേഡ് |
| ശരിയായി **5** വാക്യം വായിച്ചാൽ | **5** X 5 Mark = 25 + 45 (Grace mark) = 70 | എ ഗ്രേഡ് |

ഡിസ്ട്രിക്ട്/സോൺ/ഭദ്രാസന മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1, 2, 3 സ്ഥാനങ്ങളിൽ ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും, ഒന്നിലധികം ഒന്നാം സ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതല ത്തിലേക്ക് **ഒരു മത്സരാർത്ഥിക്ക്** അവസരം ലഭിക്കുന്നതിനായി **5 വാക്യങ്ങൾ** ഉപയോഗിച്ച് **ടൈ ബ്രേക്ക്** നടത്തേണ്ടതുമാണ്. **കേന്ദ്രതലത്തിൽ ബൈബിൾ ടെസ്റ്റ് മത്സരത്തിൽ ഫൈനൽ റൗണ്ടിൽ ടൈ ബ്രേക്ക് ഉണ്ടായിരിക്കുന്നതല്ല. ബൈബിൾ ടെസ്റ്റ് മത്സരവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

ഏറ്റവും ശ്രേഷ്ഠമായ രീതിയിൽ ഉപയോഗിക്കേണ്ട വി.ഗ്രന്ഥം, ബൈബിൾ ടെസ്റ്റ് മത്സരത്തിൽ പങ്കെടുക്കുന്ന പല മത്സരാർത്ഥി കളും തികച്ചും അശ്രദ്ധയോടെയും അലക്ഷ്യമായും കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് ഒരു കാരണവശാലും അനുവദനീയമല്ല.

എ) ബൈബിൾ ഉപയോഗത്തെക്കുറിച്ച് കൃത്യമായ അവബോധം, അദ്ധ്യാപകർ കുട്ടികൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്.

ബി) മത്സരസമയത്ത് അശ്രദ്ധയും, അമിതവേഗവും മൂലം ബൈബിൾ പേജ് കീറുകയോ പുസ്തകത്തിനു കേടുപാട് സംഭവിക്കുകയോ ചെയ്താൽ തുടർന്നുള്ള മത്സരത്തിന് ടി വിദ്യാർത്ഥിക്ക് ബൈബിൾ മാറ്റിനൽകുന്നതല്ല.

സി) ആവശ്യമായ നിർദ്ദേശങ്ങളും മുന്നറിയിപ്പും നൽകിയിട്ടും മത്സരാർത്ഥികൾ ബൈബിളിന് കേടുപാട് വരുത്തുകയാണെങ്കിൽ ടി മത്സരാർത്ഥികൾക്ക് മൈനസ് മാർക്ക് ഉണ്ടായിരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

## ആരാധനാഗീതമത്സരം (മലയാളം, സുറിയാനി)

MJSSA 2019-ൽ പരിഷ്ക്കരിച്ചു പ്രസിദ്ധീകരിച്ച **തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ** എന്ന പുസ്തകത്തിൽ നിന്നുള്ള ഗീതങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. (2026 വർഷത്തിൽ മൂന്നാംഭാഗത്ത് നിന്നുള്ള ഗീതങ്ങൾ.)

| | |
|---|---|
| മലയാളം ഗീതങ്ങൾ 35 എണ്ണം | വി. കുർബ്ബാനക്രമം - സ്ലീബാ നമസ്കാരം - 2, ക്യംതാ നമസ്കാരം - 6, വി. കുർബ്ബാന ഗീതങ്ങൾ 15, കന്തീല ശുശ്രൂഷക്രമം - 2, വൈദീകരുടെ ശവസംസ്കാരം - 10 |
| സുറിയാനി ഗീതങ്ങൾ 12 എണ്ണം | വി.കുർബ്ബാനക്രമം - വി.കുർബ്ബാനഗീതങ്ങൾ - 6, സ്ലീബാനമസ്കാരം - 1, കന്തീല ശുശ്രൂഷാക്രമം - 1, വൈദീകരുടെ ശവസംസ്കാരം - 4 |

### വി. കുർബ്ബാനക്രമം

| സ്ലീബാ നമസ്ക്കാരം | പേജ് |
|---|---|
| 1. ഞാനെല്ലാം പരിശോധിച്ചു | 57 |
| 2. കർത്താവേ! കൃപ ചെയ്യണമേ | 58 |
| **ക്യംതാ നമസ്ക്കാരം** | |
| 3. ഈ - നിന്നുത്ഥാനത്തിൻ | 59 |
| 4. നിൻ മുറിവുകളിന്നേറ്റേൻ | 59 |
| 5. രക്ഷാകരനേ നിന്റെ മുഖം | 60 |
| 6. കർത്താവേയാശ്വാസം നൽക | 61 |
| 7. മഹിമയൊടാക്കബറിന്നു | 62 |
| 8. നാഥാ! നിൻ രാജ്യ | 62 |
| **വി. കുർബ്ബാന ഗീതങ്ങൾ** | |
| 9. കർത്താവേ പ്രാർത്ഥന കേട്ടരുൾ | 63 |
| 10. പുലർകാലേ ധൂപം - അർപ്പിച്ചീടുമ്പോൾ | 66 |
| 11. സോദരരേ കേൾപ്പിൻ | 69 |
| 12. യാചിക്കേണ്ടും സമയമിതാ | 73 |
| 13. അൻപുടയോ - നേ - നിൻ | 75 |
| 14. സ്രാപ്പികളെ - ക്ക - ണ്ടേശായ | 76 |
| 15. വിസ്മയസഹിതം കബറു തുറ - ന്നു | 77 |
| 16. അഗ്നിരഥത്തിൽ ആരോഹിതനാം | 77 |
| 17. മേല്പട്ടക്കാർ - പട്ടക്കാരൊടു | 78 |
| 18. ഭൂസ്വർഗ്ഗം പേറുന്നോനെ മറിയാമുദരെ | 79 |
| 19. ഉടയോനരുൾ ചെയ്തു എൻ | 80 |
| 20. മ്ശിഹാ രാജന്നുത്ഥാനാൽ | 80 |
| 21. യജമാനൻ വരുമന്നേര | 82 |
| 22. ചൊന്നാളതിശുദ്ധ കന്യക | 84 |
| 23. ഇന്ത്യായിൽനി - ന്നെങ്ങിനെ | 84 |

| കന്തീല ശുശ്രൂഷക്രമം | പേജ് |
|---|---|
| 24. ഐശായൻ - ദാവിദിനെ | 102 |
| 25. പാപിനിമേത്തരമാം തൈലം | 103 |
| **വൈദീകരുടെ ശവസംസ്കാരം** | |
| 26. നശ്വരമാം വീടേ! - എന്തിനു | 104 |
| 27. സുവിശേ - ഷോൽസുകനായ | 105 |
| 28. അ - ബ്രാമിൻ സുതനാമഹറോൻ | 106 |
| 29. മൂശാ നിബിതൻ | 107 |
| 30. ആചാര്യ - നിർമ്മ - ലചരിതാ | 108 |
| 31. ശുചിയോടാ - ചാര്യാ - ർപ്പിതമാം | 109 |
| 32. നൈർമ്മല്യം താഴ്മ ശുചിത്വം | 110 |
| 33. നാഥൻ കൽ - പ്പിച്ചാൽ | 111 |
| 34. രക്ഷകനേ! വാങ്ങിപ്പോ - യി | 112 |
| 35. ഈ ആചാര്യന്നാശ്വാസം | 113 |

### സുറിയാനി ഗീതങ്ങൾ 12 എണ്ണം

| | |
|---|---|
| 1. ബ്നുഹ്റോക് ഹോസേനാൻ | 65 |
| 2. ഹോ ഏദോനൊ ദസ്ലൂസോ | 74 |
| 3. ബ്തറ്ഓ ദീലോക് ഹാനോനൊ | 75 |
| 4. ബാറാലോഹോ ഹോ | 78 |
| 5. ബക്യംതേ ദ്മൽകൊ മ്ശീഹോ | 81 |
| 6. തൂബൈഹൂൻല് അബ്ദേതോബേ | 82 |
| 7. തൗനിമാ (മാർ) തൂ - ബെല് | 82 |
| 8. മെശ്ഹൊ റീശോയൊ | 103 |
| 9. ഓ ഉമറൊ ദ്സബ്നൊ ല്മൂൻ | 105 |
| 10. ല്ബേശ് ആഫൂദോ ദ്കൊഹ്നൂസൊ | 107 |
| 11. മോ ഫായോ ലോ ല്കൊഹസൂസൊ | 111 |
| 12. ല്കൊഹ് നോക് ആനീഹ് | 114 |

ഓരോ ഗീതവും അതാതു ശുശ്രൂഷകൾക്ക് പരി.സഭ നിഷ്കർഷിച്ചിരിക്കുന്ന രാഗങ്ങളിൽ (നിറം) മാത്രം ആലപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നിർബന്ധമായും നിറത്തിൽ ആലപിക്കേണ്ട ഗീതങ്ങളുടെ നിറം 2019-ൽ MJSSA പ്രസിദ്ധീകരിച്ച തിരഞ്ഞെടുത്ത ആരാധനാഗീതങ്ങൾ എന്ന പുസ്തകത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്. 2 ഖണ്ഡികയോ അതിലധികമോ ഉള്ള ഗീതങ്ങൾ യഥാക്രമം 3 മിനിറ്റിൽ അവസാനിപ്പിക്കുന്ന രീതിയിൽ ഉപയോഗിക്കാവുന്നതാണ്. ആരാധനാഗീതമത്സരത്തിലെ ഒരു ടീം ഒന്നിലധികം ഗീതങ്ങൾ പാടുവാൻ അനുവദിക്കുന്നതല്ല.

## ക്വിസ്സ് മത്സരം

ക്വിസ്സ് മത്സരത്തിൽ രണ്ട് പേരടങ്ങുന്നതാണ് ഒരു ടീം. മത്സരത്തിന് പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ടീമിലെ ഒരംഗത്തിന് പങ്കെടുക്കുവാൻ സാധിക്കാതെ വന്നാൽ ടീമിലെ മറ്റംഗത്തിന് ഒറ്റക്ക് മത്സരിക്കാവുന്നതാണ് എന്നാൽ പകരം മറ്റൊരാളെ ചേർക്കുവാൻ അനുവദിക്കുന്നതല്ല.

ക്വിസ്സ് മത്സരത്തിന് 8-ൽ കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ പ്രാഥമികതല എഴുത്തുപരീക്ഷ നടത്തി അതിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന 8 ടീമിനെ ഫൈനൽ റൗണ്ടിലേക്ക് ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ എഴുത്തുപരീക്ഷയിൽ ഒരേ മാർക്ക് വാങ്ങി 8-ൽ അധികം ടീമുകൾ വന്നാൽ, അവസാനസ്ഥാനത്തേക്ക്, ടൈ വന്ന ടീമുകൾക്ക് 7 ചോദ്യങ്ങൾ (ആവശ്യമെങ്കിൽ കൂടുതൽ) ചോദിച്ച് 8 ടീമാക്കി നിജപ്പെടുത്തേണ്ടതാണ്.

### പ്രാഥമികതല എഴുത്ത് പരീക്ഷയുടെ ചോദ്യങ്ങൾ തയ്യാറാക്കുന്ന വിധം.

| | |
|---|---|
| പഴയ നിയമം/ ഇതരകാനോനിക ഗ്രന്ഥങ്ങൾ | 5 മാർക്ക് |
| പുതിയ നിയമം | 5 മാർക്ക് |
| സഭാചരിത്രം | 5 മാർക്ക് |
| വിശ്വാസസത്യങ്ങൾ/വി.ആരാധന, വി.കൂദാശകൾ | 5 മാർക്ക് |
| പരി.സഭയുടെ ആനുകാലിക സംഭവങ്ങൾ | 5 മാർക്ക് |
| **പ്രാഥമികതല എഴുത്തുപരീക്ഷയിൽ ലഭിച്ച മാർക്ക്, ഫൈനൽ റൗണ്ടിലേയ്ക്ക് പരിഗണിക്കുന്നതല്ല.** | |

### ക്വിസ്സ് മത്സരം ഫൈനൽ മത്സരത്തിനുള്ള 5 റൗണ്ടുകൾ

| | |
|---|---|
| **1) പഴയനിയമം** | സംഖ്യാ, ആവർത്തനം, 1 ദിനവൃത്താന്തം, സദൃശ്യവാക്യങ്ങൾ, എസ്ഥേർ, മീഖാ, ഹബക്കൂക്ക്, ഏറമിയ |
| **ഇതരകാനോനിക ഗ്രന്ഥം** | യൂദിത്ത് , 2 ബാറൂക്ക്, ഏറമിയ |
| **2)പുതിയനിയമപുസ്തകങ്ങൾ സുവിശേഷങ്ങൾ** | വി. ലൂക്കോസ് |
| **വി. പൗലോസിന്റെ ലേഖനങ്ങൾ** | 2 കൊരിന്ത്യർ, 1 തിമോത്തിയോസ് |
| **കാതോലിക ലേഖനങ്ങൾ** | 3 യോഹന്നാൻ |
| **3) സഭാചരിത്രം** | 1876 മുളന്തുരുത്തി സുന്നഹദോസിനുശേഷം മോർ ദീവന്നാസ്യോസ് അഞ്ചാമൻ മുതൽ പരി. ഇഗ്നാത്യോസ് സാഖാ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണം വരെ.<br>(കണിയാമ്പറമ്പിൽ വന്ദ്യ ഡോ. കുര്യൻ ആർച്ച് കോർഎപ്പിസ്ക്കോപ്പ എഴുതിയ "**സുറിയാനി സഭാ ചരിത്രവും വിശ്വാസസത്യങ്ങളും**" എന്ന പുസ്തകത്തിലെ പേജ് 243 മുതൽ 504 വരെ.)<br>(സീനിയർ, സൂപ്പർ സീനിയർ, അധ്യാപകർ എന്നീ മൂന്നു വിഭാഗത്തിനും മുകളിൽ ചേർത്ത ഭാഗങ്ങൾ തന്നെ ആയിരിക്കും.) |
| **4) സത്യവിശ്വാസങ്ങൾ, വി. ആരാധന, വി. കൂദാശകൾ** | |
| **5) റാപ്പിഡ് റൗണ്ട്** | ആത്മദീപം മാസികയിലെ 2025 ജൂലൈ മുതൽ 2026 ജനുവരി വരെയുള്ള ചോദ്യോത്തര പംക്തിയിലുള്ള ചോദ്യങ്ങൾ, 2025, 2026 വർഷങ്ങളിലെ പരി.സഭയിലെ ആനുകാലിക സംഭവങ്ങൾ. |

സോൺ/ഭദ്രാസന മത്സരത്തിലെ ഫൈനൽ റൗണ്ടിൽ 1, 2, 3 സ്ഥാനങ്ങളിലേക്ക് ടൈ ബ്രേക്ക് കൂടാതെ വിജയികളെ പ്രഖ്യാപിച്ച് സമ്മാനങ്ങൾ നൽകേണ്ടതും എന്നാൽ ഒന്നിലധികം ഒന്നാംസ്ഥാനങ്ങൾ വരികയാണെങ്കിൽ കേന്ദ്രതലത്തിലേക്ക് ഒരു ടീമിന് അവസരം ലഭിക്കുന്നതിനായി റാപ്പിഡ് റൗണ്ടിലേപോലെ 2 മാർക്കിന്റെ 5 ചോദ്യങ്ങൾ ചോദിച്ച് കേന്ദ്രതലമത്സരാർത്ഥിയെ നിശ്ചയിക്കേണ്ടതുമാണ്.

1. അഖില മലങ്കര ക്വിസ്സ് മത്സരത്തിൽ സീനിയർ വിഭാഗത്തിലെ **ഒന്ന്, രണ്ട്, മൂന്ന്** സ്ഥാനം ലഭിക്കുന്ന ടീമുകൾക്ക് യഥാക്രമം **2500/-, 1500/-, 1000/- രൂപ** വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്.
2. MJSSA കലോത്സവം നടത്തുന്നതിനാവശ്യമായ എല്ലാ ഫോമുകളും ഹെഡ്ക്വാർട്ടേഴ്സിൽ ലഭ്യമാണ്.
3. കലോത്സവനടത്തിപ്പുമായി എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം മേൽഘടകങ്ങളിലെ ഭാരവാഹികളുമായി ബന്ധപ്പെട്ട് ആയത് പരിഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. MJSSA കലോത്സവത്തിൽ സംബന്ധിക്കുന്നവരിൽ ഭക്ഷണം ആവശ്യമുള്ളവരുടെ എണ്ണം ഭദ്രാസന ഡയറക്ടർമാർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.
5. 2025 വർഷത്തിൽ സമ്മാനർഹരായി എവറോളിംഗ് ട്രോഫികൾ കരസ്ഥമാക്കി ഏറ്റുവാങ്ങിയവർ 30.06.2026 ന് മുമ്പ് MJSSA കേന്ദ്രഓഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.


**പി.വി. ഏലിയാസ്**
**ജനറൽ സെക്രട്ടറി**
**9446138868, 9526870749**

**ടി.വി. സജീഷ്**
**സെക്രട്ടറി**
**9447640561**